SUPRABHATHAM - 20-03-2025

# മത്സ്യമേഖലയിലെ സംരംഭ സാധ്യതകൾ തുറന്നു സിഫ്റ്റ്




സൗജന്യ സംരംഭക സെമിനാരിൽ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻ.എഫ്.ഡി.ബി) ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ് കുമാർ ബെഹ്റ സംസാരിക്കുന്നു

**കൊച്ചി** ▸ കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രിബിസിനസ് ഇൻകുബേഷൻ സെന്റർ വിഭാഗം ഫിഷറീസ് മേഖലയിലെ സംരംഭകത്വ സാധ്യതകൾ വികസിപ്പിക്കുന്നതിനായി 'അക്വാബിസ് 2.0' എന്ന പേരിൽ ഏകദിന സൗജന്യ സംരംഭക സെമിനാർ പനമ്പിള്ളി നഗറിലെ ഹോട്ടൽ അവന്യൂ സെന്ററിൽ സംഘടിപ്പിച്ചു. അഗ്രി ഇന്നോവേറ്റ് ഇന്ത്യ, ഐ.സി.എ.ആർ ഐ.പി ആൻഡ് ടി.എം യൂനിറ്റ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവയുമായി സഹകരിച്ചാണ് സെമിനാർ. ഐ.സി.എ.ആറിന് കീഴിലുള്ള ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളിലെ പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുക എന്നതാണ് അക്വാബിസ് 2.0 ലക്ഷ്യമിടുന്നത്.

സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ ചടങ്ങിൽ അധ്യക്ഷനായി. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്(എൻ.എഫ്.ഡി.ബി) ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ് കുമാർ ബെഹ്റ മുഖ്യാതിഥിയായിരുന്നു. ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരവികസന മന്ത്രാലയം മുൻ സെക്രട്ടറി ഡോ. തരുൺ ശ്രീധർ ചടങ്ങിൽ വിശിഷ്ടാതിഥിയായി. സി.എം.എഫ്ആർ.ഐ ഷെൽഫിഷ് ഫിഷറീസ് ഡിവിഷൻ മേധാവിയും പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ.എ.പി ദിനേശ് ബാബു, അഗ്രിഇന്നോവേറ്റ് ഇന്ത്യ ലിമിറ്റഡ് സി.ഇ.ഒ ഡോ. പ്രവീൺ മാലിക്, അഗ്രിഇന്നോവേറ്റ് ഇന്ത്യ ലിമിറ്റഡ് ഡയറക്ടർ ബോർഡ് അംഗം ആനന്ദ് മോഹൻ അവസ്ഥി, അഗ്രിഇന്നോവേറ്റ് ബിസിനസ് മാനേജർ ധ്രുവ വി.സി, സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ.സി.ഒ മോഹൻ, ഡോ.യു. പാർവതി എന്നിവർ സംസാരിച്ചു. സംരംഭകരായ നിഖിൽ ദേവ്, മുഹമ്മദ് ഷെരീഫ്, സൗരവ് പി. സതീഷ് എന്നിവർ അനുഭവങ്ങൾ പങ്കുവെച്ചു.